ബി.പി.എൽ. കാർഡുടമകൾക്ക് പ്രതിമാസം 35 കിലോഗ്രാം ഭക്ഷ്യധാന്യങ്ങൾക്ക് അർഹതയുണ്ട്. ഇതിൽ 75% അരിയായും 25% ഗോതമ്പുമായാണ് നൽകുന്നത്. അരിയുടെ വില കിലോഗ്രാമിന് 6.20 രൂപയും ഗോതമ്പിന്റെ വില കിലോയ്ക്ക് 4.70 രൂപയുമായിരുന്നു. എന്നാൽ 1-2-2006 മുതൽ സംസ്ഥാന സർക്കാർ എല്ലാ ബി.പി.എൽ. കുടുംബങ്ങൾക്കും പ്രതിമാസം 25 കിലോഗ്രാം ഭക്ഷ്യധാന്യങ്ങൾ കിലോയ്ക്ക് 3 രൂപ നിരക്കിൽ നൽകുന്നു.

2. ബി.പി.എൽ. കാർഡിൽ ഉൾപ്പെട്ടിട്ടുള്ള കുടുംബാംഗങ്ങൾക്ക് ഓരോരുത്തർക്കും കിലോയ്ക്ക് 13.50 നിരക്കിൽ പ്രതിമാസം 400 ഗ്രാം വീതം പഞ്ചസാര നൽകിവരുന്നു.

3. വൈദ്യുതീകരിച്ച വീടുള്ള ബി.പി.എൽ. കാർഡുകാർക്ക് എ.പി.എൽ. കാർഡുടമകൾക്കെന്നപോലെ 2 ലിറ്റർ മണ്ണെണ്ണയും വൈദ്യുതീകരിക്കാത്ത വീടുള്ളവർക്ക് പ്രതിമാസം 5 ലിറ്റർ മണ്ണെണ്ണയും ലിറ്ററിന് 9.30 രൂപ മുതൽ 9.60 രൂപ വരെ വിലയ്ക്ക് നൽകിവരുന്നു.

4. പ്രിവിലേജ് കാർഡ് - ബി.പി.എൽ. കാർഡുടമസ്ഥർക്ക് സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ പ്രിവിലേജ് കാർഡ് 2006 ഫെബ്രുവരി ഒന്നു മുതൽ സൗജന്യമായി നൽകുന്നു. ഈ കാർഡുപ്രകാരം വിവിധ ഇൻഷുറൻസ് ആനുകൂല്യങ്ങൾ ഈടില്ലാതെ 50,000 രൂപയുടെ വായ്പ 8% പലിശ നിരക്കിൽ ഫെഡറൽ ബാങ്ക് നൽകുന്നതാണ്.

(സി) 1-1-2006-ലെ കണക്കുപ്രകാരം സംസ്ഥാനത്ത് 4669818 എ.പി.എൽ. കാർഡ് ഉള്ളവർ ഉണ്ട്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി കൊടുത്തിരിക്കുന്നു.†

ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് നൽകിയിട്ടുള്ള റേഷൻ കാർഡുകളുടെ പുനഃപരിശോധന

132 [445] ശ്രീ. എം. എ. വാഹീദ്:
,, ബി. വിജയകുമാർ:
പ്രൊഫ. കെ. വി. തോമസ്:
ശ്രീ. കെ. സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് നൽകിയിട്ടുള്ള റേഷൻ കാർഡുകൾ പുനഃപരിശോധനയ്ക്ക് വിധേയമാക്കാൻ ഉദ്ദേശമുണ്ടോ;

(ബി) എങ്കിൽ അതിന് സ്വീകരിക്കുന്ന നടപടിക്രമമെന്താണ്;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഓരോ റേഷൻ കാർഡുടമയ്ക്കും അവരവരുടെ വരുമാനം രേഖപ്പെടുത്തി കൊണ്ടുള്ള ഡിക്ലറേഷൻ തരികയാണോ ചെയ്യുന്നത്;

(ഡി) നിലവിലുള്ള ബി.പി.എൽ. റേഷൻ കാർഡുകാരുടെ കൂട്ടത്തിൽ ഉയർന്ന ഉദ്യോഗസ്ഥന്മാരും ഉള്ളതായി കണ്ടെത്തിയിട്ടുണ്ടോ;

(ഇ) എങ്കിൽ ഏതൊക്കെ ലവലിലുള്ള ഉദ്യോഗസ്ഥന്മാരാണ് ഉൾപ്പെട്ടിട്ടുള്ളത്;

(എഫ്) കള്ളമായി ബി.പി.എൽ. റേഷൻ കാർഡുടമകളായവരുടെ മേൽ എന്ത് നടപടി എടുക്കാൻ ഉദ്ദേശിക്കുന്നു?

ഉത്തരം

(എ) ഉണ്ട്.

(ബി) ബി.പി.എൽ. കാർഡുടമകളുടെ വിവരങ്ങൾ ശേഖരിക്കുന്നതിനായി ഒരു സത്യപ്രസ്താവന ഫാറം തയ്യാറാക്കി എല്ലാ ബി.പി.എൽ. കാർഡുടമകൾക്കും നൽകിയിട്ടുണ്ട്. കാർഡുടമകൾ എഴുതി സമർപ്പിക്കുന്ന ഈ സത്യപ്രസ്താവന 5-1-06-ലെ സർക്കാർ ഉത്തരവ് (സാധാ) നം. 04/06/ടസിസമുകവ പ്രകാരം പുറപ്പെടുവിച്ച മാർഗ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ പരിശോധിച്ച ശേഷം അനർഹരായ ബി.പി.എൽ. കാർഡുടമകളെ കണ്ടുപിടിച്ച് ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) അതെ.

(ഡി) ഉണ്ട്.

(ഇ) ബി.പി.എൽ. ലിസ്റ്റിൽ ഡെപ്യൂട്ടി ഡയറക്ടർ (വിദ്യാഭ്യാസം), അദ്ധ്യാപകർ, ഉയർന്ന വരുമാനക്കാർ തുടങ്ങി ഉന്നത നിലയിലുള്ള ഉദ്യോഗസ്ഥന്മാർ ഉൾപ്പെട്ടിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ട്.

(എഫ്) സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ഈ കാർഡുകൾ പരിശോധിച്ച് അനർഹരായ കുടുംബങ്ങളെ ബി.പി.എൽ. വിഭാഗത്തിൽ നിന്നും ഒഴിവാക്കാൻ നടപടികൾ ആരംഭിച്ചുകഴിഞ്ഞു.

കോർപ്പറേഷൻ നെല്ല് സംഭരണം വഴി ഉണ്ടായ നഷ്ടം

133 [446] ശ്രീ. എം. എം. ഹസ്സൻ:

,, കെ. സി. ജോസഫ്:

,, പി. ജെ. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിവിൽ സപ്ലൈസ് കോർപ്പറേഷൻ നെല്ല് സംഭരണം തുടങ്ങിയശേഷം ഇതുവരെ എത്ര നെല്ല് സംഭരിച്ചു;

(ബി) ഇതിൽ നിന്നും എത്ര ടൺ അരി കിട്ടി;

LIBRARY ARCHIVES Kerala Legislative Assembly